ഹോട്ടലുകളിലെ ഭക്ഷണപാനീയങ്ങളുടെ വില നിയന്ത്രിക്കുന്നതിന് നടപടി

66 [1003] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:*

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. സി. പി. മുഹമ്മദ്:

,, *ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളുടെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന എത്ര ഹോട്ടലുകൾ ലക്ഷ്വറി ടാക്സും, ഭക്ഷണപാനീയങ്ങൾക്കുള്ള ടാക്സും നൽകുന്നുണ്ട്;

(ബി) ഈ ഇനത്തിൽ പ്രതിവർഷം എത്ര തുക കിട്ടുന്നുണ്ട്?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളുടെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന 655 ഹോട്ടലുകൾ ലക്ഷ്വറി ടാക്സും ഭക്ഷണപാനീയങ്ങൾക്കുള്ള ടാക്സും അടയ്ക്കുന്നുണ്ട്.

(ബി) 25.99 കോടി രൂപ കിട്ടുന്നുണ്ട്.

ടൂറിസം സെന്ററുകളിൽ ബിയർ പാർലറുകൾ

67 [1004] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന് ടൂറിസം പാർലറുകൾ തുടങ്ങുന്നതിന് എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

കേരളാ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന് ടൂറിസം പാർലറുകൾ തുടങ്ങുന്നതിന് എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടില്ല. എന്നാൽ വിദേശമദ്യച്ചട്ടം 13(11) അനുസരിച്ച് കേരളാ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന് ബിയർ പാർലർ (എഫ്.എൽ. 11 ലൈസൻസ്) തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

പന്തളം കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ്

68 [1005] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം കേന്ദ്രമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly